# പതിമൂന്നാം കേരള നിയമസഭ – ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :141 10/06/13-ൽ മറുപടിക്ക്

## കടുത്തുരുത്തി മത്സ്യത്തൊഴിലാളി മേഖലയിലേയ്ക്കുള്ള റോഡു നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) മത്സ്യത്തൊഴിലാളി മേഖലയിലേക്കുള്ള റോഡ് നവീകരണവുമായി ബന്ധപ്പെട്ട് കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും ഏതൊക്കെ റോഡിന്റെ പ്രൊപ്പോസൽ ആണ് വകുപ്പിന് ലഭിച്ചിട്ടുള്ളത്; പ്രസ്തുത റോഡുകൾക്ക് എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ; ഇല്ലായെങ്കിൽ ഇതിന്റെ കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ; എസ്റ്റിമേറ്റ് എടുക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) മുളക്കുളം ഗ്രാമപഞ്ചായത്തിലെ<br>1)കളപ്പുരയ്ക്കൽപടി-കടലാടിക്കാട്ടുപാറ റോഡ്.<br>2)ആറാട്ടുകടവ് മത്സ്യകോളനി റോഡ്<br>എന്നീ റോഡുകളുടെ പ്രൊപ്പോസൽ ലഭിക്കുകയും ടി റോഡുകളുടെ എസ്റ്റിമേറ്റ് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം തയ്യാറാക്കി വരുന്നു. |
| (ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ നിന്നും നൽകിയിട്ടുള്ള മത്സ്യ കോളനി റോഡുകൾക്ക് ഉടൻ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മത്സ്യ കോളനി റോഡുകൾക്ക് അനുമതി നൽകി എന്ന് വ്യക്തമാക്കുമോ? | (സി) 707 മത്സ്യകോളനി റോഡുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ